بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ﴿۱﴾

# ജുമുഅഃ ഖുത്ബ സംഗ്രഹം 02.06.2023

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്)**

*യു.കെയിലെ മസ്ജിദ് ബൈത്തുൽ ഫുത്തൂഹിൽ നിർവഹിച്ചത്.*

## തിരുനബി(സ)യെ ബദ്ർ യുദ്ധത്തിലേക്ക് നയിച്ച സാഹചര്യങ്ങൾ

اَشۡهَدُ اَنۡ لَّاۤ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡکَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ

اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ ○ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ ○

اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ○ اَلرَّحۡمٰنِ الرَّحِيۡمِ ○ مٰلِكِ يَوۡمِ الدِّيۡنِ ○ اِيَّاکَ نَعۡبُدُ وَاِيَّاکَ نَسۡتَعِيۡنُ ○ اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ○ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ○

ബദ്രി സ്വഹാബികളുടെ ജീവിതത്തെയും ത്യാഗത്തെയും കുറിച്ചുള്ള ഒരു ഖുത്ബ പരമ്പര ഞാൻ വിവരിച്ചുവന്നതാണ്. തിരുനബി(സ)യുടെ ജീവചരിത്രത്തെ കുറിച്ചും അതുപോലെ വിവരിച്ചില്ലെങ്കിൽ അതിന്റെ കുറവുണ്ടാകും എന്ന് പലരും ഈ ആഗ്രഹം പ്രകടിപ്പിച്ചുകൊണ്ട് എനിക്ക് എഴുതുകയുണ്ടായി. കാരണം അതിന്റെ കേന്ദ്രബിന്ദു നബി(സ)യുടെ വ്യക്തിത്വമായിരുന്നു. അതിനെയായിരുന്നു സ്വഹാബികൾ വലയം ചെയ്തിരുന്നത്. സ്വഹാബികൾ ത്യാഗങ്ങളുടെ അതുല്യമായ നില കരസ്തമാക്കിയിരുന്നതും പുതിയ പുതിയ രീതികൾ സ്വീകരിച്ചിരുന്നതും ദൈവത്തിന്റെ ഏകത്വത്തെ പ്രചരിപ്പിച്ചിരുന്നതും സ്വയം അതിന്റെ കർമ മാതൃക ആയിത്തീരുന്നതിനുള്ള നിലവാരം കരസ്തമാക്കിയതും അതിനോടു ചേർന്നുകൊണ്ട് (തിരുനബി(സ)യുടെ സഹവാസത്തിൽ) ആയിരുന്നു. ഇത് നബി(സ)യുടെ വിശുദ്ധ ശക്തിയുടെയും നബി(സ) അല്ലാഹുവിന്റെ സ്നേഹഭാജനമാണ് എന്നതിന്റെയും തെളിവാണ്. അതിനാൽ തിരുനബി(സ)യുടെ ജീവചരിത്രം വിവരിക്കേണ്ടത് അനിവാര്യമാണ്.

തിരുനബി(സ)ന്റെ ജീവിതത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് കഴിഞ്ഞ കുറച്ച് വർഷങ്ങളിൽ ഖുത്ബകൾ നൽകിയിട്ടുണ്ട്. എന്നാൽ നബി(സ)യുടെ ജീവിതം പരിമിതപ്പെടുത്താൻ കഴിയാത്തതാണ്. ജീവിതത്തിന്റെ ഓരോ ഭാഗങ്ങൾ വിവരിക്കാൻ തന്നെ നിരവധി ഖുത്ബകൾ വേണ്ടിവരും; ഈ ജീവചരിത്രം ഇൻശാ അല്ലാഹ് സമയാസമയങ്ങളിൽ വിവരിക്കപ്പെടുന്നതാണ്. മാത്രമല്ല, ഓരോ ഖുത്ബകളിലും പ്രഭാഷണത്തിലും, അതിന്റെ ഏതെങ്കിലുമൊക്കെ വശങ്ങൾ ഏതെങ്കിലും രീതിയിൽ വിവരിച്ചിട്ടുണ്ട്, കാരണം ഇതാണ് നമ്മുടെ ജീവിതത്തിന്റെ അച്ചുതണ്ട്, അതില്ലാതെ നമ്മുടെ മതവും വിശ്വാസവും പൂർണമാകില്ല, അല്ലാഹു അയച്ച ശരീഅത്ത് പിന്തുടരാനുമാവില്ല. എന്നിരുന്നാലും, ഇപ്പോൾ ഞാൻ ബദർ യുദ്ധവുമായി ബന്ധപ്പെട്ട് നബിതിരുമേനി(സ)യുടെ ജീവചരിത്രത്തിലെ സംഭവങ്ങൾ അവതരിപ്പിക്കുന്നതാണ്. അടുത്ത കുറച്ച് ഖുത്ബകളിൽ ഈ പരമ്പര തുടരുന്നതാണ്.

തിരുനബി(സ)യുടെ ഉദാത്ത മാതൃക തന്നെയാണ് സ്വഹാബികൾക്ക് നിസ്വാർത്ഥമായ ത്യാഗം ചെയ്യാൻ പ്രേരണ നൽകിയത്. ഈ ഒരു അഭിനിവേഷം അവർക്ക് ലഭിച്ചതുകൊണ്ട് അവർ യോദ്ധാക്കളും രക്തസാക്ഷികളും അല്ലാഹുവിന്റെ പ്രിയപ്പെട്ടവരും അവരിൽ ദൈവം തൃപ്തിപ്പെട്ടവരുമായി ഗണിക്കപ്പെട്ടു. അതിന്റെ ഉദാഹരണങ്ങൾ നാം നമ്മുടെ ജീവിതത്തിൽ കണ്ടു. അതിനാൽ, ഈ യുദ്ധവുമായി ബന്ധപ്പെട്ട് നബി(സ)യുടെ ജീവിതത്തെ വിവരിക്കേണ്ടതുണ്ട്. യുദ്ധത്തിന്റെ സംഭവങ്ങൾക്ക് മുമ്പ്, യുദ്ധത്തിലേക്ക് നയിച്ച കാരണങ്ങളും വിവരിക്കേണ്ടതുണ്ട്. അതുകൊണ്ട് ആദ്യം ഞാൻ ചില പശ്ചാത്തലം വിശദീകരിക്കുന്നതാണ്. ഈ പശ്ചാത്തലത്തിൽപോലും, തിരുനബിയുടെ ജീവിതത്തിന്റെ വിവിധ വശങ്ങളും അദ്ദേഹം കൊണ്ടുവന്ന മനോഹരമായ അധ്യാപനവും വെളിപ്പെടുന്നുണ്ട്.

ബദർ യുദ്ധത്തിന്റെ കാരണങ്ങൾ വിവരിച്ചുകൊണ്ട് ഹദ്റത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) തന്റെ സീറത്ത് ഖാതമുന്നബിയ്യീനിൽ എഴുതുന്നു: ഇസ്ലാമിനും മുസ്ലിംകൾക്കുമെതിരെ മക്കയിലെ അവിശ്വാസികൾ സ്വീകരിച്ച സമീപനങ്ങളും നടപടികളും ഏത് രാജ്യത്തും സമയത്തും രണ്ടു ജനതയെ തമ്മിലടിപ്പിക്കാൻ മതിയായിരുന്നു.

പരിഹാസങ്ങളും അപമാനകരമായ പെരുമാറ്റങ്ങളും ചെയ്തതു കൂടാതെ അവർ മുസ്‌ലിംകളെ ദൈവത്തെ ആരാധിക്കുന്നതിനേയും ഏകദൈവവിശ്വാസത്തിന്റെ പ്രഖ്യാപനത്തേയും ബലം പ്രയോഗിച്ച് തടയുകയുണ്ടായി. അവരെ മർദിക്കുകയും അവരുടെ സ്വത്ത് കൊള്ളയടിക്കുകയും അവരിൽ ചിലരെ വധിക്കുകയും അവരുടെ സ്ത്രീകളെ അപമാനിക്കുകയും ചെയ്തു. ചില മുസ്‌ലിംകൾ അബിസീനിയയിലേക്ക് കുടിയേറിയപ്പോൾ, അവരെ തിരികെ കൊണ്ടുവരാൻ അവർ നജ്ജാശിയുടെ കൊട്ടാരത്തിലേക്ക് ആളെയയച്ചു. മുസ്‌ലിംകളുടെ നേതാവായ തിരുനബി(സ)യെ എല്ലാവിധ ക്ലേശങ്ങൾക്കും വിധേയനാക്കി. തായിഫിൽ കല്ലെറിയപ്പെട്ടു. ഒടുവിൽ മക്കയിൽ ശത്രുക്കൾ ഒത്തുചേർന്നുകൊണ്ട് മുഹമ്മദ്(സ) കൊല്ലപ്പെടണം എന്ന ഉറച്ച തീരുമാനമെടുത്തു. തുടർന്ന്, ഈ രക്തരൂക്ഷിതമായ തീരുമാനം നടപ്പിലാക്കുന്നതിനായി, മക്കയിലെ യുവാക്കൾ രാത്രിയിൽ തിരുനബി(സ)യുടെ വീട് ആക്രമിച്ചു. എന്നിരുന്നാലും, അല്ലാഹു അനുഗ്രഹിക്കുകയും തിരുനബി(സ) സുരക്ഷിതനായി സൗർ ഗുഹയിൽ അഭയം പ്രാപിക്കുകയും ചെയ്തു. ഈ പദ്ധതികളും രക്തരൂക്ഷിതമായ തീരുമാനങ്ങളുമെല്ലാം മക്കയിലെ കാഫിറുകളുടെ ഭാഗത്തു നിന്നുള്ള യുദ്ധപ്രഖ്യാപനമായിരുന്നില്ലേ? ഖുറൈശികളുടെ ഈ ക്രൂരതകൾ മുസ്‌ലിംകളുടെ പ്രതിരോധയുദ്ധത്തിന് മതിയായ കാരണമാകില്ലേ? ഈ സാഹചര്യത്തിൽ അവിശ്വാസികൾ മുസ്‌ലിംകൾക്ക് നൽകിയ അന്ത്യശാസനം ലോകത്തിലെ ഏതെങ്കിലും വിജാതീയ സമൂഹത്തിന് അംഗീകരിക്കാൻ കഴിയുമോ? തീർച്ചയായും, മുസ്‌ലിംകളുടെ സ്ഥാനത്ത് മറ്റൊരു സമൂഹമായിരുന്നെങ്കിൽ, അവർ വളരെ നേരത്തെ തന്നെ അവിശ്വാസികൾക്കെതിരെ യുദ്ധത്തിന് ഇറങ്ങുമായിരുന്നു. എന്നാൽ മുസ്‌ലിംകൾക്ക് യുദ്ധം ചെയ്യാൻ അവരുടെ യജമാനനായ പ്രവാചകൻ(സ)ന്റെ ഉത്തരവ് ഉണ്ടായിരുന്നില്ല.

സത്യനിഷേധികളുടെ ക്രൂരതകൾക്കെതിരെ പ്രതികരിക്കാൻ ചില സ്വഹാബികൾ അനുവാദം ചോദിച്ചപ്പോൾ അദ്ദേഹം അത് വിലക്കുകയും എന്നോട് വിട്ടുവീഴ്ച്ച കാണിക്കാനാണ് കൽപ്പിക്കപ്പെട്ടിരിക്കുന്നത് എന്ന് പറയുകയും ചെയ്തു.

ഇങ്ങനെ പ്രസ്തുത അക്രമത്തിലൂടെ ഒരു കാലം കടന്നുപോകുകയും മുസ്‌ലിംകൾക്ക് മക്കയിൽ നിന്ന് പുറത്തുപോകേണ്ടിവരികയും ചെയ്തപ്പോൾ, പ്രതിരോധ യുദ്ധം ചെയ്യാൻ അല്ലാഹു തആല മുസ്‌ലിംകൾക്ക് അനുമതി നൽകി. അതിനാൽ, തിരുനബി(സ)ന്റെ ഹിജ്റത്ത് ഖുറൈശികളുടെ അന്ത്യശാസനം സ്വീകരിക്കുന്നതിന്റെ അടയാളവും ദൈവത്തിന്റെ യുദ്ധപ്രഖ്യാപനത്തിന്റെ മറഞ്ഞിരിക്കുന്ന ഒരു സൂചനയും ഉൾക്കൊള്ളുന്നുണ്ടായിരുന്നു; അത് അവിശ്വാസികളും മുസ്‌ലിംകളും മനസ്സിലാക്കിയിരുന്നു. ഈ മറഞ്ഞിരിക്കുന്ന സൂചന സ്വേച്ഛാധിപതികളായ ഖുറൈശികൾക്ക് മനസ്സിലായില്ല എന്നത് ഖേദകരമാണ്. അവിശ്വാസികൾ ഇപ്പോൾ പിന്തിരിഞ്ഞിരുന്നുവെങ്കിൽ, മതത്തിന്റെ കാര്യത്തിൽ ബലപ്രയോഗം നിർത്തി മുസ്‌ലിംകളെ സമാധാനത്തോടെ ജീവിക്കാൻ അനുവദിച്ചിരുന്നുവെങ്കിൽ, തീർച്ചയായും അവരോട് ക്ഷമിക്കപ്പെടുമായിരുന്നു. പക്ഷേ, എഴുതപ്പെട്ട വിധി പൂർത്തീകരിക്കപ്പെടേണ്ടതായിരുന്നു. തിരുനബി(സ)യുടെ ഹിജ്റത്ത് എരുതീയിൽ എണ്ണയൊഴിക്കലായിരുന്നു. തിരുനബി(സ)യുടെ ഹിജ്റത്തിനു ശേഷം അവിശ്വാസികൾ ആദ്യം ചെയ്തത് അദ്ദേഹത്തെ അനുഗമിച്ച് സൗർഗുഹ വരെ എത്തുക എന്നതായിരുന്നു. ഈ അവസരത്തിൽ അല്ലാഹു അദ്ദേഹത്തിന് പ്രത്യേക പിന്തുണ നൽകുകയും ഖുറൈശികളുടെ കണ്ണുകൾ മൂടുകയും ചെയ്തു. ഖുറൈശികൾ ഇതുകൊണ്ടൊന്നും നിർത്താതെ തിരുനബി(സ)യെ പിടികൂടുന്നയാൾക്ക് നൂറ് ഒട്ടകം പാരിതോഷികം പ്രഖ്യാപിച്ചു. അങ്ങനെ ഇരുപത് യുവാക്കൾ തിരുമേനിയെ തേടി പുറപ്പെട്ടു. അതുകൊണ്ട് തന്നെ ഈ പദ്ധതിയിലും ഖുറൈശികൾക്ക് പരാജയം നേരിടേണ്ടി വന്നു.

അതുപോലെ മുഹമ്മദ് നബി(സ) മദീനയിലേക്ക് പലായനം ചെയ്തപ്പോൾ മക്കയിലെ ഖുറൈശികൾ മദീനാ ഭരണാധികാരി അബ്ദുല്ലാഹ് ബിൻ ഉബയ്യിബ്നു സുലൂലിനും കൂട്ടാളികൾക്കും ഭീഷണിപ്പെടുത്തിക്കൊണ്ട് കത്തെഴുതി, ഞങ്ങളുടെ ആൾക്ക് നിങ്ങൾ അഭയം നൽകിയിരിക്കുന്നു; നിങ്ങൾ അവനോട് യുദ്ധം ചെയ്യുകയോ അവരെ നാടുകടത്തുകയോ ചെയ്യുക. അല്ലെങ്കിൽ അല്ലാഹുവാണെ, ഞങ്ങൾ എല്ലാവരും ചേർന്ന് നിങ്ങളെ ആക്രമിക്കുകയും നിങ്ങളുടെ യോദ്ധാക്കളെ വധിക്കുകയും നിങ്ങളുടെ സ്ത്രീകളെ ഞങ്ങളുടെ അധീനതയിലാക്കുകയും ചെയ്യുന്നതാണ്. ഈ കത്ത് അബ്ദുല്ലാഹിബ്നു ഉബയ്യിന്റേയും അദ്ദേഹത്തിന്റെ വിഗ്രഹാരാധകരായ കൂട്ടാളികൾക്കും അടുക്കൽ എത്തിയപ്പോൾ അവർ തിരുനബി(സ)നോട് യുദ്ധം ചെയ്യാൻ ഒരുമിച്ചുകൂടി. ഈ വാർത്ത അറിഞ്ഞപ്പോൾ തിരുനബി(സ) അവരെ കാണുകയും അവർക്ക് കാര്യങ്ങൾ മനസ്സിലാക്കിക്കൊടുക്കുകയും അവരെ യുദ്ധത്തിൽ നിന്ന് തടയുകയും ചെയ്തു.

അതുപോലെ മക്കാഖുറൈശികൾ അറേബ്യയിലെ മറ്റ് ഗോത്രങ്ങളെ മുസ്‌ലിംകൾക്കെതിരെ വളരെ സംഘടിതമായി പ്രകോപിപ്പിക്കുകയും അവരെ യുദ്ധത്തിന് പ്രേരിപ്പിക്കുകയും ചെയ്തു. അതിന്റെ ഫലമായി അറബികളെല്ലാം മദീനക്കാരുടെ ശത്രുക്കളായി, മദീനയ്ക്ക് ചുറ്റും തീ തന്നെ എന്ന അവസ്ഥയായി.

മദീനയിൽ തന്നെയുള്ള അവസ്ഥയെന്തായിരുന്നു. ഔസിനും ഖസ്റജിനും ഇടയിൽ ഒരു വലിയ വിഭാഗം ബഹുദൈവാരാധനയിൽ നിലനിന്നിരുന്നു. അവർ പ്രത്യക്ഷത്തിൽ അവരുടെ (മുസ്‌ലിം) സഹോദരങ്ങളോടൊപ്പമാണെങ്കിലും ഈ സാഹചര്യത്തിൽ ഒരു മുശ്‌രിക്കിനെ എങ്ങനെ വിശ്വസിക്കാൻ കഴിയും? പിന്നെ രണ്ടാം സ്ഥാനത്ത് ഇസ്‌ലാമിന്റെ മറഞ്ഞിരിക്കുന്ന ശത്രുക്കളായ കപട വിശ്വാസികളായിരുന്നു. മൂന്നാം സ്ഥാനത്ത് ഉടമ്പടി ഉണ്ടാക്കിയിട്ടുണ്ടായിരുന്ന യഹൂദന്മാരായിരുന്നു. എന്നാൽ ഈ യഹൂദർക്ക് ഉടമ്പടിക്ക് ഒരു വിലയുമുണ്ടായിരുന്നില്ല. അതുകൊണ്ട് തന്നെ അക്കാലത്ത് മദീനക്കകത്തെ പരിസ്ഥിതി എന്തായിരുന്നുവെന്നാൽ മുസ്‌ലിംകൾക്കെതിരെ ഒളിഞ്ഞിരിക്കുന്ന കരുനീക്കങ്ങൾ കുറവായിരുന്നില്ല. അറബി ഗോത്രങ്ങളുടെ ചെറിയ തീപ്പൊരി മതിയായിരുന്നു മദീനയിലെ മുസ്‌ലിംകളെ കാറ്റിൽ പറത്താൻ. ഇസ്‌ലാമിന് ഇതിനേക്കാൾ നിർണായകമായ ഒരു കാലം വന്നിട്ടില്ല. അങ്ങനെയുള്ള സമയത്താണ് തിരുനബി(സ)ക്ക് ദൈവിക വെളിപാട് അവതരിച്ചതും വാളുകൊണ്ടുള്ള ജിഹാദിന്റെ കൽപ്പന ലഭിച്ചതും. ജിഹാദ് ബിസ്സൈഫിനെക്കുറിച്ചുള്ള ആദ്യ സൂക്തം അവതരിച്ചത് ഹിജ്റ 2 ന് സഫർ മാസം 12 നാണ്. ആ സമയത്ത് നബി(സ) മദീനയിൽ വന്നിട്ട് ഏകദേശം ഒരു വർഷമേ കഴിഞ്ഞിരുന്നുള്ളൂ. ഹുസൂർ അൻവർ പറഞ്ഞു: ഹദ്റത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ)ന്റെ ഗവേഷണമാണിത്. ചിലരുടെ അഭിപ്രായത്തിൽ, ഈ സൂക്തം ഹിജ്റത്ത് കഴിഞ്ഞ ഉടൻ തന്നെ അവതരിച്ചത് എന്നാണ്. കാരണം, ഹിജ്റത്ത് കഴിഞ്ഞയുടനെ മക്കയിൽ നിന്ന് ചില കാഫിറുകളെ തടയാൻ പ്രവാചകൻ(സ) സായുധ സേനയെ അയച്ചിരുന്നു.

വാളുകൊണ്ടുള്ള ജിഹാദിന് ആദ്യമായി അനുവാദം നൽകിയത് സൂറത്ത് ഹജ്ജിലെ രണ്ട് വാക്യങ്ങളിലാണ്. അല്ലാഹു പറയുന്നു: യുദ്ധം ചെയ്യപ്പെടുന്നവർക്ക് അവർ അന്യായം ചെയ്തതിനാൽ (അവരോട് തിരിച്ചും) യുദ്ധം ചെയ്യാൻ അനുവദിച്ചിരിക്കുന്നു. തീർച്ചയായും അവരെ സഹായിക്കാൻ അല്ലാഹുവിന് പൂർണ ശക്തിയുണ്ട്. അതായത്, അല്ലാഹു നമ്മുടെ നാഥനാണെന്ന് പറഞ്ഞതിന്റെ പേരിൽ അന്യായമായി വീടുകളിൽ നിന്ന് പുറത്താക്കപ്പെട്ടവർ. മനുഷ്യരിൽ ചിലർക്ക് മറ്റുള്ളവരിൽ നിന്ന് ഉള്ള അക്രമത്തിൽ നിന്ന് സ്വയം രക്ഷിക്കുന്നതിന് അല്ലാഹു അനുമതി നൽകുന്നില്ലായിരുന്നെങ്കിൽ സന്യാസി മഠങ്ങളും കൃസ്ത്യൻ പള്ളികളും ജൂത പള്ളികളും അല്ലാഹുവിന്റെ നാമം ധാരാളമായി സമരിക്കപ്പെടുന്ന മസ്ജിദുകളും തകർക്കപ്പെടുമായിരുന്നു. ഹുസൂർ അൻവർ പറയുന്നു: ഇവിടെ എല്ലാ മതങ്ങളുടെയും ആരാധനാലയത്തിന്റെ സംരക്ഷണമാണ് പറഞ്ഞിരിക്കുന്നത്. ജിഹാദ് നിർബന്ധമായതിനുശേഷം, അവിശ്വാസികളുടെ തിന്മയിൽ നിന്ന് മുസ്‌ലിംകളെ സംരക്ഷിക്കാൻ തിരുനബി(സ) തുടക്കത്തിൽ നാല് മാർഗങ്ങൾ സ്വീകരിച്ചിരുന്നു. ആദ്യം അവിടുന്ന് സ്വയം യാത്ര ചെയ്യുകയും മദീനയ്ക്ക് ചുറ്റുമുള്ള ഗോത്രങ്ങളുമായി കരാറുകൾ ഉണ്ടാക്കുകയും ചെയ്തു. രണ്ടാമതായി, മദീനയുടെ പരിസര പ്രദേശങ്ങളിലേക്ക് ചെറിയ ചെറിയ സന്ദേശവാഹക സംഘങ്ങളെ അയക്കാൻ തുടങ്ങി. മൂന്നാമതായി, ഈ സംഘങ്ങളുടെ പുറപ്പാട് മൂലം ദുർബലരായ മുസ്‌ലിംകൾക്ക് മദീനയിൽ വരാനും മുസ്‌ലിംകളുമായി കൂടിച്ചേരാനും അവസരം ലഭിച്ചു. നാലാമതായി മക്കയിൽ നിന്നും സിറിയയിലേക്ക് മദീനയുടെ സമീപത്തുകൂടി പോവുകയായിരുന്ന സത്യനിഷേധികളുടെ കച്ചവടസംഘത്തെ തിരുനബി(സ) തടയാൻ തുടങ്ങി.

ഈ പരമ്പര ഇനിയും തുടരുന്നതാണ് എന്ന് പറഞ്ഞതിനു ശേഷം ഹുസൂർ തിരുമനസ്സ് 4 മർഹൂമീങ്ങളെ അനുസ്മരിക്കുകയും അവരുടെ ജമാഅത്തീ സേവനങ്ങളെ പരാമർശിക്കുകയും ചെയ്തുകൊണ്ട് ജനാസാ ഗാഇബ് നമസ്കരിക്കുന്നതാണെന്നു വിളംബരപ്പെടുത്തുകയുണ്ടായി.

1. യുകെയിലെ ഖാജാ മുനീറുദ്ദീൻ ഖമർ സാഹിബ്. ഇദ്ദേഹത്തിന്റെ ജനാസ വന്നിട്ടുണ്ടായിരുന്നു.

2. ഡോ. മിർസാ മുബശ്ശിർ അഹ്മദ് സാഹിബ്. ഇദ്ദേഹം ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ ചെറുമകനും ഡോ. മിർസാ മുനവർ അഹ്മദ് സാഹിബിന്റെ മകനുമായിരുന്നു. മർഹൂം നവാബ് മുബാറകാ ബീഗം സാഹിബയുടെ ചെറുമകനുമായിരുന്നു. 79ാം വയസ്സിൽ അദ്ദേഹം ഈ അടുത്തിടെ വഫാത്തായി. اِنَّا لِلّٰهِ وَاِنَّآ اِلَيْهِ رٰجِعُوْنَ അദ്ദേഹം വഖ്ഫെ സിന്ദഗിയായിരുന്നു. ഏകദേശം 50 വർഷത്തോളം റബ്‌വയിലെ ഫസൽ ഉമർ ഹോസ്പിറ്റൽ സേവനം ചെയ്യാൻ അദ്ദേഹത്തിന് അവസരം ലഭിച്ചു.

1983 മുതൽ മരണം വരെയും വഖഫ് ജദീദ് ബോർഡിന്റെ അംഗമാണ്. പാവപ്പെട്ടവരെ സഹായിക്കുന്നയാളും ഖിലാഫത്തുമായി അടുത്ത ബന്ധമുള്ളയാളും എല്ലാവരേയും ഒരു വിവേചനവും കൂടാതെ നിസ്വാർത്ഥമായി ചികിത്സിക്കുന്ന ആളുമായിരുന്നു. നിസാമെ ജമാഅത്തിനെ അനുസരിക്കുകയും നല്ല സ്വഭാവം പുലർത്തുകയും ചെയ്തിരുന്നു.

3. പാക്കിസ്ഥാൻ ഇസ്‌ലാമാബാദിലെ സയ്യിദ് മഹ്മൂദ് അഹ്മദ് സാഹിബിന്റെ ഭാര്യ സയ്യിദഃ അമത്തുൽ ബാസിത് സാഹിബ

4 ഫൈസലാബാദ് ജില്ലയിലെ അധ്വാലിയിലെ ശരീഫ് അഹ്മദ് ബന്ദേശ സാഹിബ്.

ഹുസൂർ അൻവർ ഇവരുടെ മഗ്ഫിറത്തിനും ഉന്നത സ്ഥാനത്തിനും വേണ്ടി ദുആ ചെയ്തു.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَ نَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ - عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِي الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)

at Masjid Baitul Futuh U.K. – on 02.06.2023

Malayalam Translation, Typing & Layout: **Moulavi T. Jamshad Mukkam** For Malayalam Desk, Qadian.

**Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516**